**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2332** | **16-03-2022 - ൽ മറുപടിയ്ക്ക്**

**ലൈഫ് ഭവന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | null<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കൊയിലാണ്ടി മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും രണ്ടാംഘട്ട ലൈഫ് ഭവന പദ്ധതിക്കായി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലൈഫ് 2020 പ്രകാരം ആകെ 3,862 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. (ഭൂമിയുള്ള ഭവന രഹിതർ-2,848, ഭൂരഹിതർ-1,014) |
| (ബി) | പ്രസ്തുത അപേക്ഷകളിൻമേൽ ഓരോ തദ്ദേശ സ്ഥാപനത്തിലും എത്ര വീതം ഫീൽഡ് വെരിഫിക്കേഷൻ പൂർത്തീകരിച്ചിട്ടുണ്ടെന്ന് പട്ടിക തിരിച്ച് വിശദമാക്കാമോ; | (ബി) | പ്രസ്തുത അപേക്ഷകളിൻമേൽ ഫീൽഡ് വെരിഫിക്കേഷൻ പൂർത്തീകരിച്ച തദ്ദേശ സ്ഥാപനം തിരിച്ചുള്ള വിവരം അനുബന്ധ(1)ആയി ചേർക്കുന്നു. |
| (സി) | പയ്യോളി, കൊയിലാണ്ടി നഗരസഭകളിലും തിക്കോടി, മൂടാടി, ചെങ്ങോട്ടുകാവ്, ചേമഞ്ചേരി എന്നീ ഗ്രാമപഞ്ചായത്തുകളിലും ഭവന രഹിത ഭൂരഹിത പട്ടികയിൽ ഉൾപ്പെട്ടവർ എത്രയാണെന്ന് പട്ടിക തിരിച്ച് ലഭ്യമാക്കാമോ; | (സി) | പയ്യോളി, കൊയിലാണ്ടി നഗരസഭകളിലും തിക്കോടി, മൂടാടി, ചെങ്ങോട്ടുകാവ്, ചേമഞ്ചേരി എന്നീ ഗ്രാമപഞ്ചായത്തുകളിലും ഫീൽഡ്തല വെരിഫിക്കേഷനിൽ അർഹരായി കണ്ടെത്തിയിട്ടുള്ള ഭൂമിയുള്ള ഭവന രഹിതരുടേയും, ഭൂരഹിതരുടേയും പട്ടികയിൽ ഉൾപ്പെട്ടവരുടെ തദ്ദേശ സ്ഥാപനം തിരിച്ചുള്ള വിവരം അനുബന്ധ(2)ആയി ചേർക്കുന്നു. ഫീൽഡ്തല വെരിഫിക്കേഷന് ശേഷം ഗ്രാമപഞ്ചായത്ത്/ നഗരസഭകളിൽ അർഹരായി കണ്ടെത്തിയിട്ടുള്ള അപേക്ഷകളിൻമേൽ ജില്ലാ കളക്ടറുടെ/ കുടുംബശ്രീയുടെ നേതൃത്വത്തിൽ പുന:പരിശോധനയും തുടർന്ന് ഒന്ന്, രണ്ട് ഘട്ട അപ്പീലുകൾക്കും, ഗ്രാമസഭ/ വാർഡ് സഭ അംഗീകാരത്തിനും, ഭരണസമിതി അംഗീകാരത്തിനും ശേഷം മാത്രമാണ് പട്ടിക അന്തിമമാക്കുന്നത്. |
| (ഡി) | ഇത്തരക്കാർക്ക് ഭൂമി വാങ്ങി വീട് നിർമ്മിച്ച് നൽകുന്ന പദ്ധതിയുടെ പുരോഗതി ഓരോ തദ്ദേശസ്ഥാപനത്തിന്റെയും അടിസ്ഥാനത്തിൽ വിശദമാക്കാമോ? | (ഡി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടപടി ക്രമങ്ങൾ പാലിച്ച് ഗുണഭോക്തൃ പട്ടിക അന്തിമമാക്കിയതിന് ശേഷം മാത്രമേ പദ്ധതി നിർവഹണം ആരംഭിക്കുകയുള്ളു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

| ക്രമനം | തദ്ദേശ സ്വയംഭരണ സ്ഥാപനം | ഭൂമിയുള്ള ഭവനരഹിതർ | ഭൂരഹിതർ | ഫീൽഡ് വെരിഫിക്കേഷൻ പൂർത്തീകരിച്ചവർ |
|---|---|---|---|---|
| 1 | കൊയിലാണ്ടി മുനിസിപ്പാലിറ്റി | 488 | 339 | 827 |
| 2 | പയ്യോളി മുനിസിപ്പാലിറ്റി | 517 | 179 | 696 |
| 3 | ചേമഞ്ചേരി | 473 | 190 | 663 |
| 4 | ചെങ്ങോട്ടുകാവ് | 442 | 116 | 558 |
| 5 | തിക്കോടി | 448 | 124 | 572 |
| 6 | മൂടാടി | 480 | 66 | 546 |
| | **ആകെ** | **2,848** | **1,014** | **3,862** |

Reein

**സെക്ഷൻ ഓഫീസർ**

## അനുബന്ധം 2

| ക്രമനം. | തദ്ദേശ സ്വയംഭരണ സ്ഥാപനം | ഭൂമിയുള്ള ഭവനരഹിതർ | ഭൂരഹിതർ | ഫീൽഡ് വെരിഫിക്കേഷൻ പൂർത്തീകരിച്ചവർ |
|---|---|---|---|---|
| 1 | കൊയിലാണ്ടി മുനിസിപ്പാലിറ്റി | 186 | 215 | 401 |
| 2 | പയ്യോളി മുനിസിപ്പാലിറ്റി | 173 | 105 | 278 |
| 3 | ചേമഞ്ചേരി | 304 | 124 | 428 |
| 4 | ചെങ്ങോട്ടുകാവ് | 311 | 76 | 387 |
| 5 | തിക്കോടി | 224 | 65 | 289 |
| 6 | മൂടാടി | 254 | 42 | 296 |
| | **ആകെ** | **1,452** | **627** | **2,079** |

Reeiy

**സെക്ഷൻ ഓഫീസർ**